(ഡി) സംസ്ഥാനത്തെ എല്ലാ ഗസ്റ്റ് ഹൗസുകൾക്കും ഈ ഉത്തരവ് ബാധകമാണ്.

(ഇ) സർക്കാരിന് സാമ്പത്തികലാഭം പ്രതീക്ഷിക്കുന്നു.

(എഫ്, ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) ഇല്ല.

ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വകാര്യവാഹനങ്ങൾ വാടകയ്ക്ക് എടുത്ത നടപടി

97 [3244] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ആവശ്യങ്ങൾക്ക് ഗസ്റ്റ് ഹൗസുകളിൽ സ്വന്തം വാഹനം ഇല്ലാതാകുമ്പോൾ സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ;

(ബി) എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ടൂറിസം വകുപ്പിന്റെ വാഹനം ഇല്ലാത്തതിനാൽ കഴിഞ്ഞ രണ്ടു വർഷത്തിനകം എത്ര സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയുണ്ടായി;

(സി) വാടകയ്ക്ക് എടുത്ത വാഹനങ്ങളുടെ നമ്പരും അവ ഓരോന്നും മൊത്തം എത്ര കിലോമീറ്റർ വാടകയ്ക്ക് ഓടുകയുണ്ടായെന്നും ഈ ഇനത്തിൽ എന്ത് തുക നൽകുക യുണ്ടായെന്നും കുടിശ്ശിക ഉണ്ടെങ്കിൽ അത് എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഡി) മറ്റ് ജില്ലകളിലേക്കുള്ള ആവശ്യത്തിനും എറണാകുളത്തുനിന്ന് തന്നെയാണോ വാഹനങ്ങൾ വാടകയ്ക്ക് വിളിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു

(ഡി) ടൂറിസം വകുപ്പിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നത് കൊച്ചിയിലെ എ.ടി.എസ്. കാർസ് എന്ന കമ്പനിയാണ്.

ടൂറിസം വികസനത്തിന്റെ ഭാഗമായി റോഡ് നിർമ്മാണം

98 [3245] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന റോഡുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തൊക്കെയാണ്;

(ബി) വരുംവർഷങ്ങളിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly